ഉത്തരം

35-ാമത് ദേശീയ ഗെയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകളിൽ പൈറോ ടെക്നിക് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഡിസ്പ്ലേ നടത്തുന്നതിനായി കരാറുപ്രകാരം 1.25 കോടി രൂപയാണ് ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഫെറീസ് വീൽ എന്റർടെയിന്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകേണ്ടത്. തുക നൽകിവരുന്നതേയുള്ളൂ. പൈറോ ടെക്നിക് പ്രദർശനത്തിന് പ്രത്യേക സമയ ദൈർഘ്യം നിഷ്കർഷിച്ചിട്ടില്ല. ടെണ്ടർ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ദേശീയ ഗെയിംസ് മീഡിയ സെന്റർ

276 (282) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി പ്രധാന മീഡിയ സെന്റർ സ്ഥാപിച്ചത് സർക്കാർ കെട്ടിടത്തിലാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര കോടി രൂപ ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) മീഡിയാ സെന്ററിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഗെയിംസിന് ശേഷം ഇവയുടെ സംരക്ഷണം നിക്ഷിപ്തമാക്കിയിരിക്കുന്നത് സർക്കാരിന്റെ ഏത് സംവിധാനത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഗെയിംസ് ആരംഭിക്കുന്നതിന്റെ എത്ര ദിവസം മുമ്പ് ഈ സൗകര്യങ്ങളെല്ലാം പൂർത്തീകരിക്കുകയുണ്ടായി എന്ന് അറിയിക്കാമോ;

(എഫ്) മീഡിയാ സെന്ററിന്റെ പ്രവർത്തനം പൂർത്തായി ഒരുക്കിയ സംവിധാനത്തിലൂടെ എന്നാണ് ആരംഭിച്ചതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) അല്ല. തിരുവനന്തപുരം പ്രസ് ക്ലബ്ബ് കെട്ടിടത്തിലാണ്.

(ബി) പ്രധാന മീഡിയ സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നാളിതുവരെ ചെലവഴിച്ച തുക താഴെപ്പറയുംപ്രകാരമാണ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1.	സിവിൽ & ഇലക്ട്രിക്കൽ	-	48,84,099
2.	ലിഫ്റ്റ്	-	20,00,000

(സി) (i) ഫാക്സ് മെഷീൻ - 1 എണ്ണം

ലാപ് ടോപ്പ് - 10 എണ്ണം

എന്നീ സൗകര്യങ്ങൾ താൽക്കാലികമായി ലഭ്യമാക്കിയിരുന്നു.

(ii) മീഡിയ സെന്ററിൽ സ്ഥാപിച്ചിരുന്ന ഓവർലെയ്സിന്റെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ഡി) പ്രധാന അടിസ്ഥാന സൗകര്യങ്ങൾ കായിക വകുപ്പ്, സർക്കാരിന്റെ മറ്റ് കായിക പ്രൊമോഷണൽ ഏജൻസികൾ എന്നിവയ്ക്ക് മാസത്തിൽ പരമാവധി 5 ദിവസം ഉപയോഗിക്കുന്നതിന് (ഇലക്ട്രിസിറ്റി/വാട്ടർ ചാർജ്ജ് ഒഴികെ) ആണ് ധാരണയായിട്ടുള്ളത്.

(ഇ&ഫ്) പ്രധാന സൗകര്യങ്ങൾ പൂർത്തിയാക്കി 2015 ജനുവരി 30 മുതൽ മീഡിയ സെന്റർ പ്രവർത്തനം ആരംഭിച്ചു.

ദേശീയ ഗെയിംസ് വേദികൾ

277 (283) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിന്റെ വേദിയല്ലാത്ത ഏതെല്ലാം സ്റ്റേഡിയങ്ങളും കായികവേദികളും ഗെയിംസിനായി അനുവദിക്കപ്പെട്ടതോ വകയിരുത്തിയതോ ആയ പണം ഉപയോഗിച്ചു നവീകരിക്കുകയുണ്ടായി;

(ബി) ഓരോ നവീകരണ പ്രവൃത്തികൾക്കും എത്ര തുക ചെലവായി ;

(സി) ഗെയിംസ് വേദികളല്ലാത്ത ഇടങ്ങളിൽ പ്രസ്തുത നവീകരണ പ്രവർത്തികൾ നടത്തിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 19-6-2010-ലെ സ.ഉ. (സാധാ) നമ്പർ 2673/10/പൊ.വി.വ. പ്രകാരം ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ഫണ്ടിൽനിന്നും 5 കോടി രൂപ ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനത്തിന് മുനിസിപ്പാലിറ്റിക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly